# അപഹരിക്കപ്പെട്ട വിപ്ലവം

## ഈജിപ്തിലെ ജനത വീണ്ടും സവിശേഷമായ ഒരു ദശാസന്ധിയിലെത്തിയിരിക്കുന്നു. അവർ പഴയ ഭരണത്തിന്റെ പുതിയ പതിപ്പോ ഇസ്ലാമികഭരണമോ ഏത് തെരഞ്ഞെടുക്കും എന്നതാണ് ചോദ്യം

■ **പി.പി. ബാലചന്ദ്രൻ**

അറേബ്യയിലെ വഞ്ചിക്കപ്പെട്ട വിപ്ലവങ്ങളുടെ സന്നിഗ്ധ ചരിത്രം ഒരിക്കൽക്കൂടി ഈജിപ്ഷ്യൻ ജനതയെ താഹ്‌രിർ ചത്വരത്തിലേക്ക് എത്തിച്ചിരിക്കുന്നു. ഹോസ്നി മുബാറക്കിന്റെ മുപ്പതുവർഷക്കാലത്തെ നീണ്ട ഏകാധിപത്യത്തിനെതിരെയുള്ള വിജയകരമായ മുന്നേറ്റത്തിന്റെ അവസാനം ഒരു വർഷം മുമ്പ് അവർ ഒഴിഞ്ഞുപോയ അതേ ഇടത്തിലേക്ക്. പക്ഷേ, ഇത്തവണ അവരുടെ പ്രതിയോഗികൾ വേറെയാണ്, മുദ്രാവാക്യങ്ങളും. അതിലും വ്യത്യസ്തമായത്, ഇത്തവണ ജനക്കൂട്ടം ചുരുങ്ങിയിരിക്കുന്നതായി തോന്നിക്കുന്നുവെന്നതാണ്. അവർ ക്ഷീണിതരുമായതുപോലെ. ഒരുപക്ഷേ, ഒരു രാഷ്ട്രത്തിന്റെ ഇടിഞ്ഞുപോയ ആത്മവീര്യത്തിന്റെയും ജനാധിപത്യത്തിലുള്ള മങ്ങുന്ന വിശ്വാസത്തിന്റെയും അടയാളങ്ങളാവാം അത്. കഴിഞ്ഞ വർഷത്തിന്റെ തുടക്കത്തിൽ, ആയിരക്കണക്കിന് ജനാധിപത്യാനുകൂലികളായ പ്രക്ഷോഭകർ–അവരിലേറെയും യുവാക്കളായ മധ്യവർഗ പ്രൊഫഷണലുകളായിരുന്നു–കെയ്റോയിലെ കേൾവികേട്ട ചത്വരത്തിൽ ഒന്നുചേർന്നപ്പോൾ അത് മുരടിച്ച ഏകാധിപത്യഭരണകൂടത്തിൽ ഞെരിഞ്ഞമരുന്ന ഒരു രാഷ്ട്രത്തിലെ പുതുപ്രഭാതത്തിന്റെ വിരിയൽ മാത്രമായല്ല വീക്ഷിക്കപ്പെട്ടത്. തങ്ങളുടെ ദയാശൂന്യരായ പ്രഭുക്കന്മാരെ കുടഞ്ഞെറിയാനുള്ള മുഴുവൻ അറബ് ലോകത്തിന്റെയും പോരാട്ടം കൂടിയായിരുന്നു അത്. ഈജിപ്ഷ്യൻ സമൂഹമാകെ, സൈന്യവും ന്യായാസനവും ഉൾപ്പെടെ, മുബാറക്കിന്റെയും കുടുംബത്തിന്റെയും പതനത്തിൽ സന്തുഷ്ടരായി കാണപ്പെട്ടു. അങ്ങനെ 2011 ഫെബ്രുവരിയിൽ മുബാറക് ഭരണകൂടം തൂത്തെറിയപ്പെട്ടപ്പോൾ ഭൂതാവേശിതമായ ഇന്നലെകളിൽനിന്ന് തങ്ങൾ രക്ഷപ്പെട്ടതായി ഈജിപ്തുകാർ ആത്മാർത്ഥമായി വിശ്വസിച്ചു.

ഈ അസാധാരണ നേട്ടത്തിലുള്ള ആവേശവും തത്ഫലമായ ആത്മവിശ്വാസവും മുബാറക്കിനെ സേവിച്ച അതേ ജനറൽമാരെയും ന്യായാധിപ

പ്രക്ഷോഭകാരികൾ താഹ്‌രിർ ചത്വരത്തിൽ



രെയുംതന്നെ ഒരു യഥാർത്ഥ ജനകീയ, മതേതര ജനാധിപത്യത്തിലേക്കുള്ള പരിവർത്തനത്തിന് വഴികാട്ടികളായി തെരഞ്ഞെടുക്കാൻ അവരെ പ്രേരിപ്പിച്ചു. ഈ വഴികാട്ടികളാകട്ടെ തങ്ങളുടെ പുതിയ വേഷത്തിൽ മതിയായ ആത്മാർഥതയുള്ളവരാണെന്നും തോന്നിച്ചു. എന്നാൽ അവരുടെ കപടവേഷങ്ങൾ ഊരിയെറിയാനും ദ്രംഷ്ടങ്ങൾ വെളിവാകാനും അധികം സമയമൊന്നും വേണ്ടിവന്നില്ല. വിശ്വസ്തർ താമസിയാതെ വിശ്വാസവഞ്ചകരായി. മുബാറക്കിൽനിന്നും ഭരണം ഏറ്റെടുത്ത പരമോന്നത സൈനിക സമിതി പുതിയ ഭരണഘടന രൂപീകരിക്കുമെന്നും പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കുമെന്നും പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുമെന്നും ഒക്കെ വാഗ്ദാനം ചെയ്തിരുന്നു. മഷിയുണങ്ങും മുമ്പേ ജനറൽമാർ തനിനിറം കാട്ടി. ഒരു ജനാധിപത്യ സർക്കാരിന് ഭരണം കൈമാറാൻ തയാറില്ലെന്ന് അവർ വ്യക്തമാക്കി.

മുബാറക്കിനുശേഷമുള്ള ഈജിപ്തിന്റെ തുടക്കം വാസ്തവത്തിൽ മോശമായിരുന്നില്ല. സൈനിക ഭരണാധികാരികളുടെ വാഗ്ദാനം പോലെ കഴിഞ്ഞ വർഷത്തിന്റെ ഒടുവിൽ പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ ആദ്യഘട്ടം നടന്നു. പക്ഷേ, മതതീവ്രവാദികളായ മുസ്‌ലിം ബ്രദർഹുഡാണ് ഭൂരിഭാഗം സീറ്റുകളും നേടിയത്. അത് അപ്രതീക്ഷിതവുമായിരുന്നില്ല. എന്നാൽ ബ്രദർഹുഡിന്റെ വിജയം രാജ്യത്തിന്റെ മതേതര പ്രതിച്ഛായയ്ക്കു ഭീഷണി ഉയർത്തുക മാത്രമായിരുന്നില്ല, രാജ്യത്തിനു മേൽ പിടിമുറുക്കാനുള്ള സൈന്യത്തിന്റെ പദ്ധതികളെ ഗൗരവമായി വെല്ലുവിളിക്കുകയും ചെയ്തു. രാജ്യത്തെ ജനാധിപത്യ സ്ഥാപനങ്ങളെ പരിപോഷിപ്പിക്കാനുള്ള എല്ലാ ശ്രമങ്ങളെയും അട്ടിമറിക്കാൻ അത് ജനറൽമാർക്ക് കളമൊരുക്കുകയായിരുന്നു.

ഈ മാസം ആദ്യം പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ രണ്ടാമത്തേതും അവസാനത്തേതുമായ ഘട്ടം നടക്കാൻ വെറും രണ്ടുദിവസം മാത്രം ശേഷിക്കെ, മുബാറക് സ്വയം നിയമിച്ച ജഡ്ജിമാരടങ്ങുന്ന ഭരണഘടനാ കോടതി പാർലമെന്റ് പിരിച്ചുവിടുകയും അംഗങ്ങളെ പാർലമെന്റ് മന്ദിരത്തിൽ പ്രവേശിക്കുന്നതിൽനിന്ന് വിലക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് ഇസ്‌ലാമിസ്റ്റുകൾ അട്ടിമറിച്ചെന്നായിരുന്നു ജനറൽമാരുടെ വാദം. വിചിത്രമെന്നു പറയട്ടെ മതേതര വാദികളുടെ ഇടയിലും ഈ വാദത്തിന് അനുകൂലികളുണ്ടായി. അതിലും നിർണായകമായത്, പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽനിന്ന് മുബാറകിന്റെ വിശ്വസ്തരെ വിലക്കുന്ന നിയമങ്ങൾ ഭരണഘടനാ കോടതി റദ്ദാക്കിയെന്നതാണ്. ഭരണത്തിലേക്ക് വീണ്ടും വലിഞ്ഞുകയറാനുള്ള മുബാറക് ഉപജാപകവൃന്ദത്തിന്റെ പ്രകടവും വ്യക്തവുമായ ശ്രമമായിരുന്നു അത്. കുറെക്കൂടി തെളിച്ചുപറഞ്ഞാൽ ബ്രദർഹുഡ് സ്ഥാനാർത്ഥി മുഹമ്മദ് മുർസിക്കെതിരെ മത്സരിച്ച മുൻ വായുസേനാ മേധാവിയും തീവ്ര മുബാറക് പക്ഷപാതിയുമായ അഹ്‌മദ് ഷഫീക്ക് പ്രസിഡന്റാകാനാണ് സൈന്യം ആഗ്രഹിച്ചത്.

## തുണ്ടുതുണ്ടായ വിപ്ലവം

ചരിത്രം ഈജിപ്ഷ്യൻ ജനതയെ വിചിത്രമായ ഒരു അവസ്ഥയിലേക്ക് തള്ളിവിട്ടിരിക്കുകയാണ്. പഴയ ഭരണകൂടത്തിന്റെ പുതിയ പതിപ്പോ ഇസ്‌ലാമിക ഭരണമെന്ന് പലരും ഭയക്കുന്നതോ ഏതാണ് വേണ്ടതെന്നാണ് അവർക്ക് മുന്നിലുയർന്ന ചോദ്യം. ഈജിപ്തിന് പുതിയൊരു പ്രസിഡന്റിനെ ലഭിച്ചിരിക്കാം. എന്നാൽ പുതിയ സർക്കാരായിട്ടില്ല. സൈന്യം തന്നെയാണ് ഇപ്പോഴും നിയന്ത്രകർ. ഈജിപ്തുകാർ തങ്ങളുടെ ഭരണകൂടത്തെ മാറ്റിയിരിക്കാം. എന്നാൽ അവർ ആഗ്രഹിച്ച ഊർജസ്വലമായ,യഥാർത്ഥ ജനാധിപത്യം ഇപ്പോഴും കരഗതമായിട്ടില്ല.

അറബ് വസന്തത്തിന്റെ ഈജിപ്ഷ്യൻ പതിപ്പിന് എവിടെയാണ് പിഴച്ചത്? പ്രതീക്ഷിക്കാവുന്നതുപോലെ തന്നെ താറുമാറായ വിപ്ലവത്തിന്റെ പേരിൽ വിപ്ലവകാരികൾ പരസ്പരം പഴി ചാരുകയാണ്. വിപ്ലവം കവർന്നെടുക്കപ്പെട്ടു എന്നുമാത്രമല്ല, അടിയറവ് വയ്ക്കപ്പെട്ടു എന്നുകൂടിയാണ് അവർക്ക് പറയാനുള്ളത്. യുവത്വത്തിന്റെ കഴമ്പില്ലായ്മയും ഇസ്‌ലാമികവാദികളുടെ എടുത്തുചാട്ടവും കൂടിച്ചേർന്നപ്പോൾ സൈന്യത്തിന് തങ്ങളുടെ ശക്തി വീണ്ടെടുക്കാനും ഒരിക്കൽകൂടി കേന്ദ്രത്തിലേക്ക് എത്തിച്ചേരാനും വഴി തെളിച്ചിരിക്കുകയാണ്. വിപ്ലവം ആറിത്തണുത്തപ്പോൾ പഴയ ഭരണകൂടം നിലയുറപ്പിച്ചതുപോലെ. മറ്റൊരുതരത്തിൽ പറഞ്ഞാൽ, വിപ്ലവകാരികളും കൂട്ടാളികളും തമ്മിൽ തല്ലുകയും അവകാശവാദങ്ങൾ ഉന്നയിക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ മുബാറക് ഭിന്നിപ്പിച്ചു നിർത്തിയിരുന്ന പഴയ ഭരണകൂടത്തിന്റെ രണ്ട് നെടുംതൂണുകൾ–സൈന്യവും പഴയ രാഷ്ട്രീയവ്യവസ്ഥയും–ഒരിക്കൽകൂടി ഒന്നിച്ചുചേരാനും ദൃഢീകരിക്കാനും ആരംഭിച്ചു.

എല്ലാ മഹാവിപ്ലവങ്ങളെയുംപോലെ ഉരുക്കുചട്ടക്കൂടുള്ള ഒരു പ്രസ്ഥാനമായാണ് ഈജിപ്ഷ്യൻ വിപ്ലവവും ആരംഭിച്ചത്. ഒരു ഭിന്നിപ്പിനും അതിന്റെ അകക്കാമ്പിനെ തുരുമ്പിപ്പിക്കാൻ കഴിയുമായിരുന്നില്ല. വിഭിന്ന ദിശകളിലേക്കു പിടിച്ചുവലിക്കുവാൻ ഇസ്‌ലാമികവാദികളോ, ദേശീയവാദികളോ, മതേതരവാദികളോ ഉദാരവാദികളോ ഉണ്ടായിരുന്നില്ല; ഉള്ളിൽനിന്നുതന്നെ ശിഥിലീകരിക്കാൻ അർബുദരോഗം പോലെ അവസരവാദികളുമുണ്ടായിരുന്നില്ല. ഒരു സമത്വാധിഷ്ഠിത ജനാധിപത്യത്തെ ആഗ്രഹിക്കുന്ന ഈജിപ്തുകാർ മാത്രമായിരുന്നു അവർ; തങ്ങളുടെ കുട്ടികളുടെ നാളേയ്ക്കുവേണ്ടി തങ്ങളുടെ ഇന്നിനെ ബലികൊടുക്കാൻ തയാറായ ജനങ്ങൾ മാത്രമായിരുന്നു അവർ. പക്ഷേ, ഒരിക്കൽ വിപ്ലവം സാർത്ഥകമായപ്പോൾ അവർ തങ്ങളുടെ വേരുകളിലേക്ക് മടങ്ങി. അവർ ഇസ്‌ലാമികവാദികളും സോഷ്യലിസ്റ്റുകളും ദേശീയവാദികളും മതേതരവാദികളും പിന്നെ മറ്റെന്തൊക്കെയോ ആയിത്തീരുകയും വിപ്ലവത്തെ തങ്ങളുടെ ആവശ്യങ്ങൾക്കും അവസരങ്ങൾക്കും അനുസരിച്ച് തുണ്ടുതുണ്ടാക്കുകയും ചെയ്തു. കൊള്ളമുതലിനായുള്ള ഉന്മാദത്തിൽ ഈജിപ്തുകാർ ജർമൻ നാടകകൃത്ത് ജോർജ് ബുഹനറുടെ പ്രവചനാത്മകമായ വാക്കുകൾ ഓർമ്മിച്ചില്ല: ശനിയെന്നതുപോലെ വിപ്ലവം അതിന്റെതന്നെ സന്തതികളെ വിഴുങ്ങുന്നു.

ഏറെ കൊട്ടിഘോഷിക്കപ്പെട്ട മറ്റ് അറബ് വസന്തങ്ങളുടെ സ്ഥിതി വ്യത്യസ്തമാവുമോ? ശനിയുടെ നിഴലിൽനിന്ന് അറബികൾ എന്നെങ്കിലും പുറത്തുകടക്കുമോ? അനന്തമായ മരുഭൂമികളിൽ മുഴങ്ങുന്ന ചോദ്യങ്ങൾ, മറുപടിയില്ലാതെ മുഴങ്ങുന്ന ചോദ്യങ്ങൾ ■